ഉത്തരം

(എ) 1377 എഫ്.ഐ.ആർ. നിലവിലുണ്ട്.

(ബി) 1095 എണ്ണം

(സി) 1078 എണ്ണം.

(ഡി) 992 എണ്ണം.

കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ മയക്കുമരുന്ന് വില്പന

70 [75] ശ്രീ. എ. സുജനപാൽ:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, എം. പി. ഗംഗാധരൻ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബംഗ്ലാദേശ് കോളനിയിൽ മയക്കുമരുന്ന് വില്പനയുണ്ടായിരുന്നുവോ;

(ബി) ഇക്കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ അവിടെ മയക്കുമരുന്നിന്റെ ഉപയോഗം മൂലം എത്ര പേർ മരിച്ചു;

(സി) അവിടെ 2004 ഡിസംബറിൽ റെയ്ഡ് നടത്തിയോ; എങ്കിൽ ആ റെയ്ഡിൽ ബ്രൗൺഷുഗറോ മറ്റെന്തെങ്കിലും മയക്കുമരുന്നോ കണ്ടെത്തിയോ;

(ഡി) അതിനുമുൻപ് എന്നാണ് അവിടെ റെയ്ഡ് നടത്തിയത്;

(ഇ) മയക്കുമരുന്നുപയോഗിച്ച് ഇത്രയധികം മരണമുണ്ടായിട്ടും അവിടെ മയക്കുമരുന്ന് കണ്ടെത്താൻ റെയ്ഡ് നടത്താതിരുന്നതെന്തുകൊണ്ടാണ്?

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) 7 പേർ മരിച്ചു.

(സി) 2004 ഡിസംബർ മാസത്തിൽ 6 റെയ്ഡുകൾ നടത്തി. കണ്ടെത്തിയിട്ടുണ്ട്.

(ഡി) 17-11-2004-ൽ റെയ്ഡ് നടത്തി.

(ഇ) ബംഗ്ലാദേശ് കോളനിയിലും പരിസരങ്ങളിലും നിരന്തരം റെയ്ഡ് നടത്താറുണ്ട്. കുറ്റക്കാരുടെ പേരിൽ കേസുകൾ രജിസ്റ്റർ ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly